മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിലേയ്ക്ക്.... ഇന്ന് അനോദ്യോഗിക ദിനമാണ്. 15 അനോദ്യോഗിക ബില്ലുകളുടെ അവതരണാനുമതി പ്രമേയങ്ങളും 3 ബില്ലുകളുടെ തുടർ ചർച്ചയുമുണ്ട്. സബ്മിഷൻ ഇവിടെ ആരംഭിക്കുകയാണ്. അതിനോടൊപ്പം രണ്ടുമൂന്ന് ക്രമപ്രശ്നങ്ങൾക്ക് തീർപ്പ് കൽപ്പിക്കേണ്ടതുണ്ട്. സബ്മിഷനുകളുടെ വിഷയം ദയവ് ചെയ്ത് ഒരു മിനിറ്റിൽ പറഞ്ഞു തീർക്കണം. ബഹുമാന പ്പെട്ട മന്ത്രിമാരും അതുപോലെ മറുപടി പറഞ്ഞു തീർക്കും. പൂർണ്ണമായും ഈ വെള്ളിയാഴ്ചയെ പ്രയോജനപ്പെടുത്തണം. കഴിഞ്ഞ അനോദ്യോ ഗിക ദിനം പരിപൂർണ്ണമായും പ്രയോജനപ്പെടുത്തി. അതിന് സഭയിലെ എല്ലാ അംഗങ്ങളോടും ചെയറിന് നന്ദിയുണ്ട്. ആദ്യമായി ശ്രീ. കെ. വി. വിജയദാസ്...

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## സബ്മിഷൻസ്

### തസ്തിക വെട്ടിക്കുറയ്ക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. വി. വിജയദാസ്: സർ, പി.എസ്.സി.-യിൽ നിലവിലുള്ള തസ്തികകൾ 15 ശതമാനം വെട്ടിക്കുറയ്ക്കണമെന്ന ധനവകുപ്പിന്റെ ഉത്തരവ് പുന:പരിശോധിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്. ഈ ഉത്തരവ് ഇറക്കുന്നതിന്റെ ഭാഗമായി ധനവകുപ്പ് പറയുന്നത്, 15,000 പേർക്ക് മാത്രമേ വർഷത്തിൽ പി.എസ്.സി. നിയമനം കൊടുക്കുന്നുള്ളൂ എന്നാണ്. അത് തികച്ചും വസ്തുതകൾക്ക് വിരുദ്ധമാണ്. ഈ സഭയിൽ അംഗമായിട്ടുള്ള ശ്രീ. ടി. എ. അഹ്മദ് കബീർ 25.06.2012-ന് ഉന്നയിച്ച ഒരു ചോദ്യത്തിന്റെ മറുപടിയിൽ പറയുന്നത് 2012 ഏപ്രിൽ വരെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 30,832 പേർക്ക് നിയമനം കൊടുത്തുവെന്നാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1,66,432 പേർക്കും ശുപാർശ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തന്നെ കൂടുതൽ പേർക്ക് നിയമനം കൊടുത്തുവെന്നാണ് അർത്ഥം. പി.എസ്.സി.-യുടെ ഒട്ടേറെ പ്രവർത്തന ബാഹുല്യം ഇതിൽ നിന്ന് വ്യക്തമാകുന്നു. സ്പെഷ്യൽ റൂളുകളുടെ നിർമ്മിതി, ജീവനക്കാർക്കെതിരായ നടപടികൾക്ക് സർക്കാരിന്റെ ഉപദേശം, വർഷത്തിൽ രണ്ടുതവണ ഡിപ്പാർട്ടുമെന്റൽ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകൽ,

പി.എസ്.സി.-യെ സംബന്ധിച്ച 4000-ൽ അധികം കേസ്സുകൾ, അതിന്റെ ഉത്തരവാദിത്വപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കൽ, സർക്കാർ നടപ്പിലാക്കിയ നിയമനങ്ങൾ സംബന്ധിച്ച പരിശോധനകൾ..... ഇതെല്ലാമായിട്ടും 42,24,403 പേർക്ക് പരീക്ഷ നടത്തി. 97149 പേരെ ഉൾപ്പെടുത്തി 534 റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. 722 വിജ്ഞാപനങ്ങളും 352 എൻ.സി.എ. വിജ്ഞാപനങ്ങളും പുറപ്പെടുവിച്ചു. 28,99,918 അപേക്ഷകൾക്ക് തീർപ്പ് കൽപ്പിച്ചു. ഇത്രയും ജോലികൾ ചെയ്യേണ്ടതായ പി.എസ്.സി.-ക്ക് 163 അധിക തസ്തികകൾ വേണമെന്നാണ് ബഹുമാനപ്പെട്ട കേരള സർക്കാരിനോട് പി. എസ്.സി. അഭ്യർത്ഥിച്ചത്. തസ്തിക വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാരോട് കാണിക്കുന്ന അനീതിയാണ്. ഇവിടെ നവ ലിബറൽ നയം നടക്കുന്നുണ്ടോ എന്ന് സംശയമുണ്ട്. ബാങ്കിംഗ് സർവ്വീസ് റിക്രൂട്ട്മെന്റ് ബോർഡ് അടച്ചുപൂട്ടി, യു.പി.എസ്.സി., സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് എന്നിവയുടെ പ്രവർത്തനങ്ങളെല്ലാം പരിമിതപ്പെടുത്തി. താൽക്കാലികവും കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങളും ഇവിടെ വ്യാപിക്കുന്നു. ഇക്കാര്യങ്ങൾ ചേർത്ത് വായിച്ചുനോക്കിയാൽ ധനവകുപ്പിന്റെ ഈ ഉത്തരവിന്റെ പ്രസക്തി മനസ്സിലാകും. അതുകൊണ്ട് ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ ആശാകേന്ദ്രമായ പി.എസ്.സി.-ക്ക് അധിക തസ്തിക കൊടുക്കണം. ഇതാണ് എന്റെ ആവശ്യം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പി.എസ്.സി.-യിലെ ഏതെങ്കിലും തസ്തിക വെട്ടിക്കുറയ്ക്കുന്ന കാര്യം ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. അവിടെ തസ്തിക വേണമെന്നുള്ള ആവശ്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. 163 അധിക തസ്തികകൾ അനുവദിക്കണമെന്നുള്ള ആവശ്യമാണ് ഗവൺമെന്റിന് കിട്ടിയിരിക്കുന്നത്. അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്. അത് പരിശോധിച്ച് ആവശ്യമായ തീരുമാനം എടുക്കുന്നതാണ്.

## പ്ലസ്ടു കോഴ്സുകളും അധികബാച്ചുകളും അനുവദിക്കൽ

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ എന്റെ മണ്ഡലത്തിൽ ഏകദേശം 3400-ലധികം കുട്ടികളാണ് പാസ്സായത്. എന്നാൽ 1400-ഓളം കുട്ടികൾക്ക് മാത്രമേ അവിടെ പ്ലസ് വൺ പഠിക്കാനുള്ള സംവിധാനമുള്ളൂ. 2000-ത്തോളം കുട്ടികൾക്ക് ഉപരി വിദ്യാഭ്യാസത്തിന് യാതൊരു മാർഗ്ഗവുമില്ലാത്ത സ്ഥിതിയാണ്. അവശേഷിക്കുന്ന കുട്ടികൾക്ക് കൂടി പഠിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. എന്റെ മണ്ഡലത്തിലെ 14 ഗവൺമെന്റ് സ്കൂളുകളിൽ 12 സ്കൂളുകളിലാണ് പ്ലസ്ടു ബാച്ച് ഉള്ളത്. അവശേഷിക്കുന്ന സ്കൂളുകളിൽ കൂടി പ്ലസ്ടു കോഴ്സ് ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പം അഡീഷണൽ ബാച്ച് അനുവദിക്കാൻ തയ്യാറാകണം. ഇപ്പോൾ 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ചാലും ഏകദേശം 280 സീറ്റാണ് കൂടുതൽ ലഭിക്കുക. ഏകദേശം 2000 ത്തോളം കുട്ടികൾക്ക് പഠിക്കാനുള്ള സംവിധാനമുണ്ടാകണമെങ്കിൽ നിലവിലുള്ള പ്ലസ് ടു സ്കൂളുകളിൽ അഡീഷണൽ ബാച്ച് അനുവദിക്കാനും നിലവിൽ പ്ലസ് വൺ കോഴ്സില്ലാത്ത എല്ലാ സ്കൂളുകളിലും പ്ലസ് വൺ കോഴ്സ് ആരംഭിക്കാനുള്ള നടപടി സ്വീകരി

ക്കണമെന്ന് ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, ചേലക്കര മണ്ഡലത്തിൽ പ്ലസ് ടു ഇല്ലാത്ത സ്കൂളുകളിൽ കോഴ്സ് അനുവദിക്കുന്നതിനും പ്ലസ് ടു നിലവിലുള്ള സ്കൂളുകളിൽ ബാച്ചുകളുടെ എണ്ണം കൂട്ടണമെന്നുമാണ് സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മെമ്പർ കെ. രാധാകൃഷ്ണൻ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ചേലക്കര മണ്ഡലത്തിലെ വിവിധ മണ്ഡലത്തിലെ വിവിധ ഹയർ സെക്കന്ററി സ്കൂളുകളിലായി ആകെ 1600 പ്ലസ് വൺ സീറ്റുകളാണുള്ളത്. ഗവൺമെന്റ് എച്ച്.എസ്.എസ്., ചേലക്കര- 240, എച്ച്.എസ്.എസ്., ചെറുതുരുത്തി - 300, എച്ച്.എസ്.എസ്., പഴയന്നൂർ - 180, ഗവൺമെന്റ് എച്ച്.എസ്.എസ്., പാഞ്ഞാൾ-180, ഗവൺമെന്റ് എച്ച്.എസ്.എസ്. വരവൂർ-180, ഗവൺമെന്റ് എച്ച്.എസ്.എസ്., പാമ്പാടി - 120, സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, മായന്നൂർ-150, എൻ.എസ്.എസ്. എച്ച്.എസ്.എസ്., മുള്ളൂർക്കര-150, എൽ.എഫ്. ഗവൺമെന്റ് എച്ച്.എസ്.എസ്., ചേലക്കര....... അങ്ങനെ 1600 സീറ്റുണ്ട്. 2012 മാർച്ചിൽ ചേലക്കര മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും എസ്.എസ്.എൽ.സി. പഠനത്തിന് യോഗ്യത നേടിയ കുട്ടികൾക്ക് പ്ലസ് വൺ, വി.എച്ച്.എസ്.ഇ. എന്നീ കോഴ്സുകൾക്ക് ചേലക്കര, ദേശമംഗലം, കൊണ്ടാഴി, പഴയന്നൂർ, തിരുവില്വാമല എന്നീ പഞ്ചായത്തുകളിൽ

സീറ്റുകൾ കുറവുണ്ട്. എന്നാൽ സമീപ പഞ്ചായത്തുകളായ മുള്ളൂർക്കര, പാഞ്ഞാൾ എന്നീ പഞ്ചായത്തുകളിൽ മതിയായ സീറ്റുകൾ ലഭ്യമാണ്. എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്ക് പ്ലസ് വൺ പ്രവേശനത്തിന് സീറ്റുകളുടെ കുറവ് അനുഭവപ്പെടുന്നതിനാൽ സർക്കാർ എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ അനുവദനീയമായ സീറ്റു കൾക്ക് പുറമെ 20 ശതമാനം മാർജിനൽ സീറ്റുകൾ വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചേല ക്കര മണ്ഡലത്തിലെ സ്കൂളുകളിലെ ബഹുഭൂരിപക്ഷം വിദ്യാർത്ഥി കൾക്കും എസ്.എസ്.എൽ.സി. പഠനം കഴിഞ്ഞ് ഉപരിപഠനത്തിന് അവ സരം ലഭിക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

**ഗുണനിലവാരമുള്ള വിത്തുകൾ തെരഞ്ഞെടുക്കലും സബ്സിഡി ലഭ്യമാക്കലും**

ശ്രീ. തോമസ് ചാണ്ടി: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ പ്രത്യേക ശ്രദ്ധയ്ക്കുവേണ്ടി പറയുകയാണ്. ഒരു കർഷകന്റെ അല്ലെങ്കിൽ കൃഷിയുടെ വിജയമെന്ന് പറയുന്നത്, സമയത്ത് കൃഷിയിറക്കുക, നല്ല വിത്ത് വിതയ്ക്കുക, സമയത്ത് വളമിടുക, സമയത്ത് മരുന്നടിക്കുക മുതലായ കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. എങ്കിൽ മാത്രമേ 2.5 – 3.5 ടൺ നെല്ല് കൊയ്തെടുത്ത് രാജ്യത്തെ സമ്പന്നമാക്കാൻ പറ്റുകയുള്ളൂ. നാഷണൽ സീഡ്സ് കോർപ്പറേഷൻ വിതരണം ചെയ്ത വിത്ത് ഉൾപ്പെടെ പല പ്രാവശ്യം ഗവൺമെന്റ് കൊടുത്ത വിത്തുകൾ കിളിർക്കാതെ പോയിട്ടുണ്ട്. അതെല്ലാം വലിച്ചുപറിച്ചു കളഞ്ഞതിനുശേഷം വീണ്ടും വിതച്ച് കൃഷി ചെയ്യുമ്പോൾ പല കൃഷിയും പല രീതിയിലായിരിക്കും. നിലവിൽ, നെൽകർഷകർക്ക് സർക്കാർ ഏജൻസിയായ നാഷണൽ സീഡ്സ് കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കർണ്ണാടക സ്റ്റേറ്റ് സീഡ്സ് കോർപ്പറേഷൻ എന്നിവരിൽ നിന്നും നെൽവിത്ത് വാങ്ങിക്കുമ്പോൾ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ആ സബ്സിഡി തുടർന്നും ലഭിക്കണം. സ്റ്റേറ്റ് സീഡ് അതോറിറ്റിയുടെ വിത്തിനുമാത്രമേ സബ്സിഡി കൊടുക്കുകയുള്ളൂവെന്ന നിയമം കൊണ്ടുവരുന്നുണ്ടെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഞങ്ങൾ അത് അംഗീകരിക്കാൻ പോകുന്നില്ല, ദയവായി അങ്ങ് ഇടപെട്ട് കർഷകർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന സബ്സിഡി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. അതുകൊ

ണ്ടാണ് നല്ല വിളവൊക്കെ ഉണ്ടായിക്കൊണ്ടിരിക്കുന്നത് ഇതിനെ തടയിടരുത്, പ്രശ്നമുണ്ടാക്കരുത്. അങ്ങയുടെ അടിയന്തര ശ്രദ്ധ ഇതിൽ പതിയണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. തോമസ് ചാണ്ടി ഉന്നയിച്ചത് വളരെ ആവശ്യമുള്ള ഒരു സബ്മിഷനാണ്. വിത്തുഗുണം പത്തുഗുണമെന്നാണ്. വിത്തിന്റെ ഉത്പാദനം മുതൽ സംഭരണം വരെയുള്ള വിവിധ ഘട്ടങ്ങളിലെ പ്രവർത്തനങ്ങളായ ഫീൽഡ് പരിശോധന, ഗുണമേന്മ എന്നിവ ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ വിത്തുകൾ കർഷകന് വിതരണം ചെയ്യുന്നുള്ളൂ. ചിലപ്പോഴൊക്കെ ഗുണനിലവാരമില്ലാതെ  വരുന്ന വിത്തുകളൊക്കെ കിളിച്ചുവരാത്തതുകൊണ്ട് മാറ്റിക്കൊടുക്കാറുമുണ്ട്. ഗുണമേന്മ പരിശോധനയ്ക്കായി കൃഷിവകുപ്പിന്റെ കീഴിൽ ആലപ്പുഴയിലും, തിരുവനന്തപുരത്തുമായി രണ്ടുവിത്ത് പരിശോധന ലാബുകളും കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പട്ടാമ്പിയിൽ ഒരു ലാബും പ്രവർത്തിച്ചുവരുന്നുണ്ട്. ഗുണമേന്മ പരിശോധനയിൽ ഗുണനിലവാരം പുലർത്തുന്നുവെന്ന് ബോദ്ധ്യപ്പെടുന്ന വിത്ത് മാത്രമേ സീഡ് അതോറിറ്റി സംഭരിച്ച് വിതരണം ചെയ്യാറുള്ളൂ. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വിത്തിന് പുറമേ ബാക്കി വേണ്ടിവരുന്ന  വിത്ത് മറ്റ് സർക്കാർ ഏജൻസികളായ എൻ.എസ്.സി, കർണ്ണാടക സ്റ്റേറ്റ് കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കേരള കാർഷിക സർവ്വകലാ

ശാല എന്നീ സ്ഥാപനങ്ങളിൽ നിന്ന് വിത്ത് സംഭരിച്ച് അതോറിറ്റിയുടെ മേൽനോട്ടത്തിൽ വിതരണം ചെയ്തുവരുന്നുണ്ട്. ഗുണമേന്മ സർട്ടിഫിക്കറ്റ് ലഭിച്ച വിത്ത് മാത്രമേ ഇത്തരം ഏജൻസികളിൽ നിന്ന് സംഭരിച്ചു നൽകുന്നുള്ളൂ. ഇപ്പോഴുള്ള പ്രധാനപ്പെട്ട പ്രശ്നം കേരളത്തിലേയ്ക്ക് ജി.എം (ജെനറ്റിക്കലി മോഡിഫൈഡ്) വിത്തുകൾ കടന്നുവരാനിടയുണ്ടെന്ന് സംശയിക്കുന്നതുകൊണ്ട് സീഡ് അതോറിറ്റിയുടെ പരിശോധനയ്ക്ക് വിധേയമായി മാത്രമേ വിത്തുകൾ നൽകുന്നുള്ളൂ. കേരളത്തിൽ 50 ശതമാനം വിത്താണ് കെ.എസ്.എസ്.ഡി.എ. വഴി വിതരണം നടത്തുന്നതിന് വിഭാവനം ചെയ്തിരിക്കുന്നത്. നിലവിലുള്ള സർക്കാർ നിർദ്ദേശം അനുസരിച്ച് അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങുന്ന വിത്തുകൾക്കുമാത്രമേ സബ്സിഡി നൽകുവാൻ നിർവ്വാഹമുള്ളൂ. എന്നാൽ സീഡ് അതോറിറ്റിയുടെ പരിശോധനയ്ക്ക് വിധേയമായി ഗുണമേന്മയുള്ള വിത്തുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സബ്സിഡി കർഷകന് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതുമാണ്.

**നാദാപുരം - മുട്ടുങ്ങൽ റോഡ് സ്റ്റേറ്റ് ഹൈവേ ആക്കൽ**

ശ്രീ. ഇ. കെ. വിജയൻ: സർ, ദേശീയപാത എൻ.എച്ച്-17-ൽ നിന്ന് ബാംഗ്ലൂരിലേയ്ക്കുള്ള പ്രധാന റോഡാണ് വടകര-മുട്ടുങ്ങൽ, കുറ്റ്യാടി-തൊട്ടിൽപ്പാലം, മൈസൂർ-ബാംഗ്ലൂർ റോഡ്. അതിൽ നാദാപുരം-മുട്ടുങ്ങൽ റോഡ് ഇതുവരെ സ്റ്റേറ്റ് ഹൈവേയായില്ല. എൻ.എച്ച്-ലൂടെ പോകുന്നതിനേക്കാൾ ആയിരക്കണക്കിന് വാഹനങ്ങൾ പോകുന്ന റോഡാണിത്. മുട്ടുങ്ങലിൽ നിന്ന് നാദാപുരം വരെ 11 കി.മീ വീതികൂട്ടി ബി.എം. & ബി.സി അടിസ്ഥാനത്തിൽ റോഡാക്കി മാറ്റിത്തരണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നാദാപുരം മുതൽ കുറ്റ്യാടി വരെയും, കുറ്റ്യാടി മുതൽ തൊട്ടിൽപ്പാലം വരെയും ഇപ്പോൾ അത്രയും സൗകര്യം വന്നുകഴിഞ്ഞിട്ടുണ്ട്. ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ നേരിട്ട് അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടതുമാണ്. 11 കിലോമീറ്ററിനകത്തുതന്നെ വെള്ളികുളങ്ങരയിൽ നിന്നും ഓർക്കാട്ടേരിയിൽ നിന്നും പുതിയങ്ങാടിയിൽ നിന്നും പുറമേരിയിൽ നിന്നും, നാദാപുരത്തുനിന്ന് തലശ്ശേരിക്കും, നാദാപുരത്തുനിന്ന് വില്ല്യാപ്പിള്ളിക്കും വളയം, വാണിമേൽ ഹിൽ ഹൈവേ മുതലായ ഒട്ടേറെ പ്രധാനപ്പെട്ട റോഡുകൾ കടന്നുവരുന്ന ഈ റോഡ്, സ്റ്റേറ്റ് ഹൈവേയാക്കി മാറ്റിക്കൊണ്ട് അതിന്റെ വളവുകൾ തീർത്ത് ബി.എം. & ബി.സി അടിസ്ഥാനത്തിൽ ആ റോഡ് ഏറ്റെടുക്കണമെന്ന് സബ്മിഷനിലൂടെ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ,നദാപുരം - മുട്ടുങ്ങൽ റോഡിന്റെ പ്രാധാന്യവും പ്രസ്തുത റോഡിന്റെ വളവും ചരിവും നേരെയാക്കി വീതികൂട്ടി അഭിവൃദ്ധിപ്പെടു ത്തേണ്ടതിന്റെ ആവശ്യകതയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൻ.എച്ച്-17 ഉം സ്റ്റേറ്റ് ഹൈവേ 38-ഉം തമ്മിൽ ബന്ധിപ്പിക്കുന്ന നാദാ പുരം-മുട്ടുങ്ങൽ റോഡ് ബി.എം. & ബി.സി ചെയ്യുന്നതിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പ്രസ്തുത പ്രവൃത്തിക്ക് 2012-13 ബഡ്ജ റ്റിൽ 100 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. എന്നാൽ ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം ഭരണാനുമതി നൽകി പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന താണ്.

## പത്തനംതിട്ട ജില്ല പി.ഡബ്ല്യൂ.ഡി. ഇലക്ട്രോണിക്സ് സെക്ഷൻ ഓഫീസ്

ശ്രീ. കെ. ശിവദാസൻ നായർ: പത്തനംതിട്ട ജില്ലയിൽ പി.ഡബ്ല്യൂ.ഡി. ഇലക്ട്രോണിക്സ് വിംഗിന്റെ സെക്ഷൻ ഓഫീസ് ഇല്ലാത്തതു മൂലം ആലപ്പുഴ സെക്ഷൻ ഓഫീസിലെ ജീവനക്കാർ എത്തിയാണ് ആ ജില്ലയിലെ ജോലികൾ നിർവ്വഹിക്കുന്നത്. പത്തനംതിട്ട ഒഴിച്ച് ബാക്കി എല്ലാജില്ലകളിലും ഇലക്ട്രോണിക്സ് വിഭാഗമുണ്ട്. പത്തനംതിട്ടയ്ക്ക് മാത്രമെന്താണ് ഇത്ര ദുര്യോഗം? പത്തനംതിട്ട ജില്ലയിൽ ഇലക്ട്രോണിക്സ് സെക്ഷൻ ഓഫീസ് തുടങ്ങണമെന്ന് പറയുമ്പോൾ പണമില്ല, ബാക്കി പതിമൂന്ന് ജില്ലകളിലും പണമുണ്ട്. ചില ജില്ലയിൽ രണ്ട് സെക്ഷൻ ഓഫീസുകളുണ്ട്. അത് ഇങ്ങോട്ട് മാറ്റണമെന്ന് പറയുമ്പോൾ വലിയ മഹാ സംഭവം പോലെ പണമില്ലായെന്നാണ് പറയുന്നത്. ഇത് ആ ജില്ലയോട് ചെയ്യുന്ന വലിയ അക്ഷന്തവ്യമായ അപരാധമാണ്. ഒന്നിലധികം ഇലക്ട്രോണിക്സ് സെക്ഷൻ ഓഫീസുകളുള്ള സ്ഥലത്തുനിന്ന് ആളുകളെ ഇങ്ങോട്ട് മാറ്റണമെന്ന് ഞാൻ ആവശ്യപ്പെടുന്നില്ല. പക്ഷേ പത്തനംതിട്ടയിൽ അടിയന്തരമായി തന്നെ ഇലക്ട്രോണിക്സ് സെക്ഷൻ ഓഫീസ് തുടങ്ങണം. ആലപ്പുഴയുടെ സാറ്റ്ലൈറ്റായി പത്തനംതിട്ടയെ മാറ്റണ്ടായെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ,ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ ഉന്നയിച്ചത് പ്രധാനപ്പെട്ട

സംഗതിയാണ്. അതുകൊണ്ടുതന്നെ സർക്കാർ ഇത് വളരെ താൽപ്പര്യത്തോടുകൂടിയാണ് എടുത്തിട്ടുള്ളത്. നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അതുപോലെ സർക്കാർ ഓഫീസുകളുടേയും ഇലക്ട്രോണിക്സ് സംബന്ധമായ ജോലികൾ നിർവ്വഹിക്കുന്നത് പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിക്കുന്ന ഇലക്ട്രോണിക്സ് വിഭാഗമാണ്. പത്തനംതിട്ട ഒഴികെയുള്ള എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇലക്ട്രോണിക്സ് വിഭാഗത്തിന് സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ സെക്ഷൻ ഓഫീസിലെ ജീവനക്കാർ എത്തിയാണ് പത്തനംതിട്ട ജില്ലയിലെ ജോലികൾ ഇപ്പോൾ നിർവ്വഹിക്കുന്നത്. ഇതുവളരെയേറെ കാലതാമസം വരുത്തുന്നുണ്ട്. ഇലക്ട്രോണിക്സ് വിംഗിന്റെ ഒരു സെക്ഷൻ ഓഫീസ് പത്തനംതിട്ട ജില്ലയിൽ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ഇലക്ട്രോണിക്സ് വിഭാഗം സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിന് ആവശ്യമായ തസ്തികകൾ ഉൾപ്പെടെയുള്ള വിശദമായ നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്. എന്നാൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നതിനാൽ മറ്റ് ജില്ലകളിൽ പ്രവർത്തിക്കുന്ന ഇലക്ട്രോണിക്സ് വിഭാഗം സെക്ഷൻ ഓഫീസ് തസ്തിക ഉൾപ്പെടെ പത്തനംതിട്ട ജില്ലയിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് അനുവദിക്കാൻ സാധ്യമാകുമോയെന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെടുകയു

ണ്ടായി. ഇതുസംബന്ധിച്ച റിപ്പോർട്ട് ഇപ്പോൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**ചെറുതാഴം, കുറ്റൂർ, പെരിങ്ങോം റോഡ് അഭിവൃദ്ധിപ്പെടുത്തൽ**

ശ്രീ. റ്റി. വി. രാജേഷ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ നിന്നും ആരംഭിച്ച് പയ്യന്നൂർ നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട വാഗമണ്ഡലം റോഡിലെത്തിച്ചേരുന്ന ഏറ്റവും പ്രധാനപ്പെട്ട റോഡുകളിലൊന്നാണ് ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡ്. ഇതിൽ 8 കി.മീ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലും 14 കി.മീ. പയ്യന്നൂർ നിയോജകമണ്ഡലത്തിലുമാണ്. സ്ഥിതിചെയ്യുന്നത്. ഈ റോഡ് അങ്ങേയറ്റം തകർന്നുകിടക്കുകയാണ്. റോഡിലൂടെയുള്ള യാത്ര വളരെ ദുരിതപൂർണ്ണമായിരിക്കുകയാണ്. ഈ റോഡിൽ അമ്പതുവർഷത്തോളം പഴക്കമുള്ള ഒരു വണ്ണാത്തിക്കടവുപാലമുണ്ട്. ഈ പാലത്തിന് വീതി വളരെക്കുറവാണ്. മാത്രമല്ല ഈ പാലം അപകടത്തിലാണെന്ന റിപ്പോർട്ടും ഇതിനകം നൽകിക്കഴിഞ്ഞു. ആയതിനാൽ ഈ പാലം പുതുക്കിപ്പണിയാനും വളരെ പ്രധാനപ്പെട്ട പ്രസ്തുത റോഡ് ബി.എം. & ബി.സി. ആക്കി ഉയർത്താനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ,കണ്ണൂർ ജില്ലയിലെ ജില്ലാതല റോഡുകളിൽ പ്രധാനപ്പെട്ടതും കല്ല്യാശ്ശേരി പയ്യന്നൂർ നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്നതുമായി ചെറുതാഴം-കുറ്റൂർ-പെരുങ്ങോം റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന കാര്യം പൊതുമാരാമത്ത് വകുപ്പിന്റെ സജീവ പരിഗണനയിലുണ്ട്. നിലവിൽ ഈ

റോഡിന് 5.55 മീറ്റർ വീതിയാണുള്ളത്. ഈ റോഡിൽ നരിയ്ക്കാവള്ളി, ചന്തപ്പുര വരെയുള്ള ഭാഗം അപ്ഗ്രഡേഷൻ പാക്കേജ് 2010-2011-ൽ -പ്പെടുത്തി റീ-ടാറിംഗ് നടത്തിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ കല്ല്യാശ്ശേരി മണ്ഡലത്തിൽപ്പെടുന്ന പിലാത്തറ, ചന്തപ്പുര ഭാഗം മെക്കാഡം ടാറിംഗ് ചെയ്യുന്നതിനായി ഏകദേശം 300 ലക്ഷം രൂപയ്ക്കുള്ള വിശദമായ എസ്റ്റി മേറ്റ് തയ്യാറാക്കിവരുന്നുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഭരണാനു മതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. പ്രസ്തുത റോഡിലുള്ള പഴക്കം ചെന്ന വണ്ണാത്തിക്കടവുപാലവും കൊക്കോട്ടുവയൽപാലവും വീതികൂട്ടി പുനർനിർമ്മിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

**കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കൽ**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഇന്ത്യയിലെ ആദ്യത്തെ ഫിഷറീസ് സർവ്വകലാശാലയാണ് കൊച്ചിയിലെ കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല. വളരെയധികം ബാലാരിഷ്ടതയുള്ള സർവ്വകലാശാലയാണത്. അടിയന്തരമായി ഗവൺമെന്റ് ചില കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഒന്ന്, statute ഇതുവരെ നിലവിൽ വന്നിട്ടില്ല. രണ്ട്, അക്കാഡമിക് കൗൺസിൽ ഉണ്ടാകേണ്ടിയിരി ക്കുന്നു. ഗവേണിംഗ് കൗൺസിലിലേയ്ക്ക് അദ്ധ്യാപകരെ നിയമിക്കേണ്ട തായിട്ടുണ്ട്. അതുപോലെ തന്നെ 55 ടീച്ചിംഗ് സ്റ്റാഫിന്റെ പോസ്റ്റ് സാങ്ഷൻ ആയിട്ടുണ്ടെങ്കിലും 22 പേരേ അദ്ധ്യാപകരായിട്ടുള്ളു ബാക്കി

ഗസ്റ്റ് ലക്ചറർമാരാണ്. അതുപോലെതന്നെ യു.ജി.സി.-യുടെ 12-ബി സ്റ്റാറ്റസ് കിട്ടണമെന്നുണ്ടെങ്കിൽ ഞാൻ നേരത്തേ പറഞ്ഞ കാര്യങ്ങ ളൊക്കെ ചെയ്യേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ സെൻട്രൽ സ്കീംസ് കൊടുക്കാനും നമുക്ക് ഫണ്ട് വാങ്ങാനും കഴിയൂകയുള്ളു. അവിടെ ആകെയുള്ള ബാച്ചിലേഴ്സ് കോഴ്സായ ബി.എഫ്.എസ്‌സി.-യിൽ 50 വിദ്യാർത്ഥികളേയുള്ളു. ബാക്കിയുള്ള കോഴ്സുകളിൽ, എം.എഫ്.എസ്‌സി. കോഴ്സിലുംമറ്റും രണ്ടും മൂന്നും സീറ്റുകൾ മാത്രമേയുള്ളു. പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം അവിടെ പെൻഷൻ കൊടു ക്കാൻ ഫണ്ടില്ല. എന്തുകൊണ്ടെന്നാൽ ഇപ്പോൾ ഉള്ള സ്റ്റാഫെല്ലാം കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഓപ്ഷൻ വഴി വന്നവരാ ണ്. അവിടെയാണ് അതിന്റെ മറ്റ് ഏർപ്പാടുകളൊക്കെയുള്ളത്. അതു കൊണ്ട് നോൺ പ്ലാനിൽ കൂടുതൽ ഫണ്ട് കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ പി.എഫ്.-ന്റെ പ്രശ്നവുമുണ്ട്. മുപ്പതു വർഷം ജോലി ചെയ്തവരൊക്കെയാണുള്ളത്. പക്ഷേ തൃശ്ശൂരിലെ കാർഷിക സർവ്വകാലശാലയിലാണ് അവരുടെ പി.എഫ്. അക്കൗണ്ടുള്ള ത്. അതുകൊണ്ട് ഗവൺമെന്റ് ഇടപെട്ട് അവരുടെ പി.എഫ്. ഈ സ്ഥാപന ത്തിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തുകൊടുക്കണം. അതുപോലെതന്നെ തിരു വല്ലത്ത് പത്തേക്കർ സ്ഥലമുണ്ട്. അത് മുഴുവൻ പാറക്കെട്ടാണ്. അതു കൊണ്ട് മറ്റ് അനുയോജ്യമായ സ്ഥലം കൊടുക്കണം എന്നുകൂടി ആവശ്യ പ്പെടുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ. ബാബു): സർ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ സർവ്വകലാശാലയെക്കുറിച്ചുപറഞ്ഞ കാര്യങ്ങൾ ഏറെക്കുറെ വസ്തുതകളാണ്. ഫിഷറീസ് സമുദ്ര പഠനങ്ങൾക്കായിട്ടുള്ള ഇന്ത്യയിലെ ഏക സർവ്വകലാശാലയാണ് കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല. ഈ സർവ്വകലാശാലയെ ഒരു സെന്റർ ഫോർ എക്സലെൻസ് ആക്കി മാറ്റിയെടുക്കാനുള്ള പ്രവർത്തനമാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. കേരള മത്സ്യ സമുദ്ര പഠന മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനത്തെ ആദ്യത്തെ അക്വാക്ലിനിക്, നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെ ഫിഷറീസ് സർവ്വകലാശാലയിൽ ഉടനെ തന്നെ സ്ഥാപിക്കുന്നതാണ്. മത്സ്യകർഷകർക്കുള്ള സമഗ്ര പരിശീലനകേന്ദ്രവും ഹോസ്റ്റലും ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ചിന്റെ സഹായത്തോടെ ഫിഷറീസ് സർവ്വകലാശാലയിൽ ആരംഭിക്കുന്നതാണ്. കൂടാതെ അഗ്രിക്കൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെന്റർ ഫിഷറീസ് സർവ്വകലാശാലയിൽ ആരംഭിക്കുന്നതാണ്. ഇതിനായി ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് 5 കോടിരൂപ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഫിഷറീസ് സർവ്വകലാശാലയിൽ പുതിയ 5 ബിരുദാനന്തര കോഴ്സുകൾ ഉടൻ ആരംഭിക്കുന്നതാണ്.

ഇതിന്റെ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടു ണ്ട്. 12 കോടി രൂപ ഈ ഗവൺമെന്റ് വന്നതിനുശേഷം ഫിഷറീസ് സർവ്വ കലാശാലയ്ക്ക് നൽകിയിട്ടുണ്ട്. ഫിഷറീസ് സർവ്വകലാശാലയിൽ 400 ലക്ഷം രൂപയുടെ പദ്ധതിയായ മാതൃകാ മത്സ്യ സംസ്കരണ ശാലയും പരിശീലനകേന്ദ്രവും ആരംഭിക്കുന്നതാണ്. സർവ്വകലാശാല കാമ്പസിൽ നിലവിലുള്ള റഫറൽ മ്യൂസിയത്തെ ദേശീയ മത്സ്യമ്യൂസിയമാക്കി ഉയർത്തുന്നതാണ്. അലങ്കാരമത്സ്യഗവേഷണ വികസന പരിശീലന ത്തിന്റെ മികവുകേന്ദ്രമായി ഐ.സി.എ.ആർ.-ന്റെ അംഗീകാരവും 2 കോടിരൂപയുടെ സാമ്പത്തിക സഹായവും സർവ്വകലാശാലയ്ക്ക് ലഭിച്ചി ട്ടുണ്ട്. അതുപോലെ ഈ സർവ്വകലാശാലയെ ഒരു മെച്ചപ്പെട്ട സർവ്വകലാ ശാലയാക്കി മാറ്റുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങൾക്കും രൂപം നൽകിവ രികയാണ്. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ചൂണ്ടിക്കാണിച്ചതുപോലെ ഇതിന് കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ യു.ജി. സി. ഗ്രാന്റ് ലഭ്യമാക്കണം. യു.ജി.സി. ഗ്രാന്റ് ലഭ്യമാകണമെങ്കിൽ 12-ബി സ്റ്റാറ്റസ് വേണം. അതിന് അദ്ധ്യാപക നിയമനം നടക്കണം, അതിന്റെ സ്റ്റാറ്റ്യൂട്ട് റെഡിയാകണം. ഇവിടെ അക്കാഡമിക് കൗൺസിലിന്റെ കാര്യം പറ ഞ്ഞു, അക്കാഡമിക് കൗൺസിലിന് രൂപം നൽകിക്കഴിഞ്ഞു. ഏതായാലും ഈ കുറവുകൾ എല്ലാം പരിഹരിച്ചുകൊണ്ട് 12-ബി സ്റ്റാറ്റസിലേയ്ക്ക് ഈ സ്ഥാപനത്തെ ഉയർത്തുവാനുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീക രിക്കുന്നതാണ്.

## എടവണ്ണ പഞ്ചായത്തിൽ ചാലിയാറിന് കുറുകെ തടയണ

ശ്രീ. പി.കെ. ബഷീർ: സർ, എന്റെ മണ്ഡലത്തിലെ എടവണ്ണ പഞ്ചായത്തിന് നടുവിലൂടെയാണ് ചാലിയാർപ്പുഴ ഒഴുകുന്നത്. പക്ഷേ എടവണ്ണ പഞ്ചായത്തിലും കാവിലോട് പഞ്ചായത്തിലും രൂക്ഷമായ കുടി വെള്ള ക്ഷാമവും കൃഷിക്ക് ജലസേചന സൗകര്യങ്ങളും ലഭിക്കാതെ വന്നിരിക്കുകയാണ്. അതുകൊണ്ട് എടവണ്ണ പഞ്ചായത്തിലെ വന്നിപ്പാറ, പള്ളിമുക്ക് പ്രദേശത്ത് മൂഴിക്കൽ ഭാഗത്ത് ഒരു തടയണ നിർമ്മിച്ചാൽ ഈ വരൾച്ചയും അതുപോലെ കൃഷിക്ക് ജലസേചനം ലഭിക്കാത്തതിലുള്ള പ്രയാസങ്ങളും ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. അതു കൊണ്ട് മേൽപ്രദേശത്ത് ഒരു തടയണ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുക യാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ഏറനാട് നിയോജക മണ്ഡലത്തിലെ എടവണ്ണ പഞ്ചായത്തിൽ ചാലിയാറിന് കുറുകെ വന്നിപ്പാറ, പള്ളിമുക്ക് ഭാഗത്ത് മൂഴിക്കൽ ഭാഗത്തുകൂടി ജലസേ ചന സൗകര്യം ലഭിക്കുന്ന രീതിയിൽ ഒരു തടയണ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ച് വരുന്നു. ഇൻവെ സ്റ്റിഗേഷൻ നടത്തിയതിനുശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ഏറ്റെടുക്കുന്നതാണ്. തടയണ നിർമ്മാണത്തിന് മുന്തിയ

പരിഗണന ഈ ഗവൺമെന്റ് നൽകുന്നതാണ്. വർഷകാലത്ത് ഒഴുകിപ്പോകുന്ന ജലം അഞ്ചുമാസം നേരിടുന്ന വരൾച്ചയെ നേരിടുന്നതിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണ് തടയണകൾ. ഈ തടയണയ്ക്കും ആ നിലയിലുള്ള പ്രാധാന്യം നൽകുന്നതാണ്. ഇത് കുളിക്കുന്നതിനും ജലസേചനത്തിനുമെല്ലാം ഉപയോഗപ്പെടുത്താവുന്നതാണ്. കേരളത്തിലെ ജലം സംരക്ഷിക്കാൻ, നദികളെ ജീവനുള്ളതാക്കി നിറുത്തുവാൻ ഏറ്റവും പ്രയോജനപ്രദമായിട്ടുള്ള ഒന്നാണ് തടയണ. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ച ഈ തടയണയ്ക്കും പ്രാധാന്യം നൽകുന്നതാണ്.

**ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ജീവനക്കാരുടെ അപര്യാപ്തതയും**

ശ്രീ. പി. എ. മാധവൻ: സർ, ദൈവത്തിന്റെ സ്വന്തം നാട്, ടൂറിസ്റ്റുകളുടെ പറുദീസ എന്നൊക്കെ അഭിമാനിക്കുന്ന നമ്മുടെ സംസ്ഥാനം ഡിപ്പാർട്ടുമെന്റ് ഓഫ് ടൂറിസത്തിന്റെ കീഴിലുള്ള ഗസ്റ്റ് ഹൗസുകളുടെ കാര്യത്തിൽ, ആ ഗസ്റ്റ് ഹൗസുകളുടെ അവസ്ഥ തികച്ചും പരിതാപകരമാണ്. ഊർജ്ജസ്വലനായ ടൂറിസം മന്ത്രിയുടെ ഗൗരവപൂർണ്ണമായ ശ്രദ്ധ ലഭിക്കാതെ പോയ ഒരു പ്രധാനപ്പെട്ട മേഖലയാണ് നമ്മുടെ ഗസ്റ്റ് ഹൗസുകൾ. കന്യാകുമാരിയിലെ കേരളാ ഹൗസും മുംബൈയിലെ കേരള ഹൗസും തുടങ്ങി കേരളത്തിലെ യാത്രി നിവാസുകൾ ഉൾപ്പെടെ മറ്റ് 27 ഗസ്റ്റ് ഹൗസുകളും ഉൾപ്പെടെ മൊത്തം 29 ഗസ്റ്റ് ഹൗസുകൾ ആണ് നമുക്കുള്ളത്. പല ഗസ്റ്റ് ഹൗസുകളും 40 ഏക്കറും 20 ഏക്കറും 10 ഏക്കറും

ഒക്കെ വിസ്തീർണ്ണമുള്ള സ്ഥലങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. കന്യാകുമാരിയിലെ കേരള ഹൗസ് 4 ഏക്കറിലാണ് സ്ഥിതി ചെയ്യുന്നത്. ഗസ്റ്റ് ഹൗസുകളിൽ ആവശ്യമായ മെയിന്റനൻസുകൾപോലും നടക്കാതെ വൃത്തിഹീനമായ മുഖമുദ്രയോടെയാണ് നിലകൊള്ളുന്നത്. ടൂറിസ്റ്റുകളുടെ പ്രാഥമിക ആവശ്യങ്ങൾ താമസം, ഭക്ഷണം, യാത്ര എന്നിവയാണ്. എന്നാൽ ഈ ആവശ്യങ്ങൾക്ക് സർക്കാർ ഗസ്റ്റ് ഹൗസുകളെ ആശ്രയിക്കാൻ നിർവ്വാഹമില്ല. പല ഗസ്റ്റ് ഹൗസുകളിലും കാറ്ററിംഗ് സംവിധാനമില്ല. കാറ്ററിംഗ് സംവിധാനം ഇപ്പോൾ മാനേജർമാരുടെ കാറ്ററിംഗ് ആയിട്ടാണ് നിലകൊള്ളുന്നത്. പരിശീലനം സിദ്ധിച്ച ജീവനക്കാർ ഗസ്റ്റ് ഹൗസുകളിൽ ഇല്ല. സ്വാഭാവികമായി ഇത് ഒരു കച്ചവട മേഖലപോലെ സർക്കാർ സാമഗ്രികളും സാധനങ്ങളും അതുപോലെതന്നെ എല്ലാ സംവിധാനങ്ങളുമുപയോഗിച്ച് മാനേജർമാർ കൊടുക്കുന്ന ഭക്ഷണമാണ് അവിടെയുള്ളത്. ആലുവ ഗസ്റ്റ് ഹൗസ് ഭക്ഷണത്തിന്റെ കാര്യത്തിൽ മറ്റ് അഭിപ്രായ വ്യത്യാസമില്ലാത്ത സ്ഥലമാണ്. പക്ഷേ അവിടത്തെ മുറികളും ബാത്ത്റൂമും ഉൾപ്പെടെയുള്ള സ്ഥലങ്ങൾ വളരെ വൃത്തിഹീനമാണ്. ഇപ്പോൾ കെ.എസ്.ആർ.ടി.സി. സ്റ്റാൻഡുകളൊക്കെ നവീകരിച്ചതുപോലെ പി.പി.പി.-യിൽ ആയാൽ പ്പോലും വളരെ ഗൗരവപൂർണ്ണമായി ഗസ്റ്റ് ഹൗസുകൾ നവീകരിക്കുവാനും കൂടുതൽ ഗസ്റ്റ് ഹൗസുകൾ നിർമ്മിക്കുവാനും ടൂറിസ്റ്റുകളുടെ പ്രവാഹത്തിന് ആനുപാതികമായി സംവിധാനം ഉണ്ടാക്കാനും ആഭ്യന്തര ടൂറിസ്റ്റുകൾക്കുകൂടി കയ്യെത്താവുന്ന അകല

ത്തിലേയ്ക്ക് ഗസ്റ്റ് ഹൗസുകളെ മാറ്റാനും ബഹുമാനപ്പെട്ട മന്ത്രിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണം. പ്രൊഫഷണൽ മാനേജ്മെന്റു കളും പരിശീലനം സിദ്ധിച്ച ജീവനക്കാരും ഗസ്റ്റ് ഹൗസുകളിൽ ഉണ്ടാക ണം. ആയതിന് ഗവൺമെന്റ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളെക്കുറിച്ച് അദ്ദേഹം ഇപ്പോൾ സൂചിപ്പിച്ചതുപോലുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിനാവശ്യ മായ നടപടികൾ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുകയാണ്. യഥാർത്ഥ ത്തിൽ ഇതര സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് നിൽക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തെ ഗസ്റ്റ് ഹൗസുകൾ ഏറ്റവും നല്ല രീതിയിലാണ് പ്രവർത്തിക്കുന്നത്. നൂറ് ശതമാനം എല്ലാംകൊണ്ടും കുറ്റമറ്റതാണ് എന്നല്ല ഞാൻ പറഞ്ഞതിനർത്ഥം. സ്വാഭാവികമായും നല്ല രീതിയിലാണ് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അദ്ദേഹം സൂചിപ്പിച്ച രീതിയിൽ ഏതെങ്കിലും ചില ഗസ്റ്റ് ഹൗസുകളിൽ അത്തരത്തിലുള്ള കാര്യങ്ങളുണ്ടാ യിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടിയുണ്ടാകും. മാത്രവുമല്ല സ്വാഭാവികമായും ചില പ്രയാസങ്ങൾ പല സന്ദർഭങ്ങളിൽ പലരും സൂചിപ്പിക്കാറുണ്ട്. അത്തരം പ്രയാസങ്ങൾ പോലുമില്ലാത്ത രീതിയിൽ നമ്മുടെ ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളെ നല്ല രീതിയിലാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും. അതോടൊപ്പംതന്നെ

അദ്ദേഹം സൂചിപ്പിച്ചതുപോലെ കൂടുതൽ ഗസ്റ്റ് ഹൗസുകൾ, കഴിഞ്ഞ ദിവസം എറണാകുളത്ത് ഫിഷറീസ് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട സ്ഥലത്ത് ഗസ്റ്റ് ഹൗസ് തുടങ്ങാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ നിലവിലുള്ള ഗസ്റ്റ് ഹൗസുകളിൽ പുതിയ ബ്ലോക്കുകൾ ആരംഭിക്കുന്നതിനുള്ള കാര്യത്തെക്കുറിച്ചും ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. പരമാവധി കാര്യങ്ങൾ, ഗവൺമെന്റ് ഗസ്റ്റ് ഹൗസുകൾ ഏറ്റവും നല്ല രീതിയിൽ നടത്തുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് ചെയ്യുമെന്ന് സഭയെ അറിയിക്കുകയാണ്.

## തെങ്കര ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി.

ശ്രീ. എൻ. ഷംസുദീൻ: സർ, മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ തെങ്കര ഗ്രാമപഞ്ചായത്തിൽ ഒരു പി.എച്ച്.സി. ആരംഭിക്കേണ്ടതിന്റെ ആവശ്യകത ഡിപ്പാർട്ടുമെന്റിന്റേയും സഭയുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. വളരെ വിസ്തൃതമായ ഈ പഞ്ചായത്തിൽ ഇതുവരെയായിട്ട് ഒരു പബ്ലിക് ഹെൽത്ത് സെന്ററില്ല. 36 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള 35,000–ത്തിലധികം ജനസംഖ്യയുള്ള 17 വാർഡുകളും 3 വില്ലേജുകളിലുമായി കിടക്കുന്ന 5000 പട്ടികജാതിക്കാരും 500 പട്ടിക വർഗ്ഗക്കാരും 4 എസ്.റ്റി. കോളനികളും നിരവധി എസ്.സി. കോളനികളും ലക്ഷംവീട് കോളനികളും കാർഷിക മേഖലകളുമുള്ള ഈ മലമ്പ്രദേശത്ത് എല്ലാത്തരത്തിലുള്ള രോഗങ്ങളുമുണ്ടെങ്കിലും ഇവിടെ ഒരു പി.എച്ച്.സി. ഇല്ല.

2005-ലാണ് ഈ പഞ്ചായത്ത് മണ്ണാർക്കാട് പഞ്ചായത്ത് വിഭജിച്ചുകൊണ്ട് രൂപം പ്രാപിച്ചിട്ടുള്ളത്. ഇപ്പോൾ ഈ പഞ്ചായത്ത് കുമരമ്പത്തൂർ ഹെൽത്ത് സെന്ററിന്റെ കീഴിലാണ്. ഈ ഹെൽത്ത് സെന്ററിന്റെ കീഴിൽ മൂന്ന് പഞ്ചായത്തുകൾ ഇതിനകംതന്നെ ഉള്ളതുകൊണ്ട് യാതൊരുവിധത്തിലുള്ള പരിഗണനയും ശ്രദ്ധയും ഈ പിന്നോക്കമേഖലയിൽ ലഭിക്കുന്നില്ല. ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം, പി.എച്ച്.സി. തുടങ്ങുന്നതിനുവേണ്ടി പഞ്ചായത്ത് കെട്ടിടത്തിൽ എല്ലാ സൗകര്യങ്ങളുമുണ്ട്. ഇതിന്റെ സ്കെച്ചും പ്ലാനും എല്ലാം ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ട് ഏഴ് വർഷമായി. ഒരു നടപടിയും ഉണ്ടായിട്ടില്ല. അതിനാൽ ഒരു പഞ്ചായത്തിൽ ഒരു സർക്കാർ പബ്ലിക് ഹെൽത്ത് സെന്റർ ഉണ്ടാവുക എന്നുള്ളത് ഇവിടെയുള്ള ഒരു സാധാരണ ന്യായമാണ്. ഒരു പബ്ലിക് ഹെൽത്ത് സെന്റർ തെങ്കര ഗ്രാമപഞ്ചായത്തുകാർക്ക് ലഭിക്കണം എന്നുള്ളതാണ് ഈ സബ്മിഷനിലൂടെ അതിശക്തമായി ആരോഗ്യവകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്.ശിവകുമാർ) : സർ, ബഹുമാനപ്പെട്ട അംഗം എൻ. ഷംസുദീൻ ഉന്നയിച്ച കാര്യം ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി തീരുമാനമെടുത്തിട്ടുള്ളതാണ്. കേരളത്തിൽ പി.എച്ച്.സി. ഇല്ലാത്ത മുഴുവൻ പഞ്ചായത്തുകളിലും പി.എച്ച്.സി.കൾ ആരംഭിക്കുന്നതിനുള്ള തീരുമാനം ഗവൺമെന്റ് 4.7.2012 -ന് ചേർന്ന മന്ത്രിസഭാ യോഗത്തിൽ എടുത്തിട്ടുണ്ട്.

12 പി.എച്ച്.സി.കൾ ഈ വർഷവും 12 പി.എച്ച്.സി.കൾ അടുത്ത വർഷവും തുടങ്ങുന്നതിനാണ് തീരുമാനം എടുത്തിട്ടുള്ളത്. തീർച്ചയായിട്ടും ഇത് ആരംഭിക്കുമ്പോൾ തെങ്കര പഞ്ചായത്തിൽ പി.എച്ച്.സി. ആരംഭിക്കുന്നതിനെക്കുറിച്ച് തീരുമാനം എടുക്കുന്നതാണ്.

**അമൃത മെഡിക്കൽ കോളേജിൽ ചികിൽസയിൽ കഴിയുന്ന സ്വാതികൃഷ്ണയ്ക്ക് അടിയന്തര സഹായം**

ശ്രീ. വി.എസ്. സുനിൽകുമാർ : സർ, എറണാകുളത്ത് പിറവം എം.കെ.എം. ഹയർ സെക്കണ്ടറി സ്ക്കൂളിലെ പ്ലസ് 2 വിദ്യാർത്ഥിനിയായ സ്വാതി കൃഷ്ണ കഴിഞ്ഞ ആറ് ദിവസമായി അമൃത മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കോമാ കണ്ടീഷനിൽ കിടക്കുകയാണ്. പനി ബാധിച്ചതിനുശേഷം ഈ കുട്ടിക്ക് മഞ്ഞപ്പിത്തം ഉണ്ടാവുകയും മഞ്ഞപ്പിത്തം മൂർച്ഛിച്ചതിനുശേഷം ഈ കുട്ടിയുടെ കരൾ മാറ്റി വയ്ക്കണമെന്ന സ്ഥിതിയുണ്ടാവുകയും ചെയ്തു. ഈ കുട്ടിയുടെ അമ്മ കരൾ കൊടുക്കാൻവേണ്ടി തയ്യാറായെങ്കിലും അമ്മയ്ക്ക് അസുഖം ബാധിച്ചതിനെത്തുടർന്ന് അമ്മയുടെ അനുജത്തി റെയ്ന കൊടുക്കാൻ തയ്യാറായിട്ടുണ്ട്. റെയ്നയുടെ വീട് ഇടുക്കിയിലും ഈ കുട്ടിയുടെ വീട് എറണാകുളത്തുമാണ്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സാങ്കേതികമായ തടസ്സംമൂലം ഒരുപാട് കടലാസ്സുകൾ വാങ്ങി അവസാനം മെഡിക്കൽ ബോർഡ് കൂടി അംഗീകരിച്ചശേഷം ഗവൺമെന്റ് സെക്രട്ടറി അംഗീകാരം കൊടുത്തതിനുശേഷം വേണം ഇത് അംഗീകരിക്കാൻ. ഒരു നിമിഷം

പോലും പാഴാക്കാൻ കഴിയാത്ത വിധത്തിൽ അതീവ ഗുരുതരാവസ്ഥയിൽ കഴിയുന്ന ഈ കുട്ടിയുടെ ശസ്ത്രക്രിയ ഇതുപോലെയുള്ള സാങ്കേതിക കാര്യത്തിൽ കുടുങ്ങിക്കിടക്കുകയാണ്. എത്രയും പെട്ടെന്ന്, ഒരുനിമിഷം മുമ്പെങ്കിലും 16 വയസ്സും കവയത്രിയുമായിട്ടുള്ള ഈ കുട്ടിയുടെ ശസ്ത്ര ക്രിയ നടത്താൻ കഴിയണം. 25 ലക്ഷം രൂപയോളം ചെലവ് വരും. നമു ക്കറിയാം, ഇത്തരം സാങ്കേതിക തടസ്സംമൂലമാണ് ടി.ജി. രവിയുടെ ഭാര്യ മരണപ്പെടാനിടയായത്. അതൊരു പ്രസിദ്ധനായ ഒരാളുടെ കാര്യമാണ്. സ്വാതികൃഷ്ണ എന്ന 16 കാരിയായ കുട്ടി ആറ് ദിവസമായി കോമാ കണ്ടീഷനിൽ കഴിയുകയാണ്. ആ കുട്ടിയുടെ കരൾ പൂർണ്ണമായി നിലച്ച തുകൊണ്ട് തലച്ചോറിനെക്കൂടി ബാധിച്ചിരിക്കുകയാണ്. അതുകൊണ്ട് എത്രയുംവേഗം സാങ്കേതികമായ തടസ്സം ഒഴിവാക്കിക്കൊണ്ട് ഇതിന് അനുമതി കൊടുക്കണം. ഇതുപോലെയുള്ള സംഭവങ്ങൾ ഇനി ആവർത്തി ക്കാതിരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഗൗരവമായ നിലയിലുള്ള നില പാടുകൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : സർ, ബഹുമാനപ്പെട്ട വി.എസ്. സുനിൽകുമാർ ചൂണ്ടിക്കാണിച്ച വിഷയം വളരെ ഗൗരവത്തോടുകൂടി കാണുകയാണ്. ബഹുമാനപ്പെട്ട എം.എ. ബേബിയും ഇക്കാര്യത്തെക്കുറിച്ച് എന്നോട് ചൂണ്ടിക്കാണിക്കുകയുണ്ടായി. അതുപോലെതന്നെ ശ്രീ. അനൂപ് ജേക്കബ്ബ്, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലാണ് സ്വാതി കൃഷ്ണ താമസി

ക്കുന്നത്. എറണാകുളത്ത് അമൃതാ ആശുപത്രിയിൽ വളരെ ഗുരുതരാവസ്ഥയിലാണ് ചികിൽസയിൽ കഴിയുന്നത്. ഇതെന്റെ ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനെ വിളിച്ച് ഇതിനുവേണ്ടി അടിയന്തിരമായി യോഗം ചേർന്ന് അതിന് അനുമതി നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ അപ്പോൾതന്നെ ഞാൻ നിർദ്ദേശം നൽകുകയുണ്ടായി. നിയമപരമായി അവയവ കൈമാറ്റത്തിന് 14 രേഖകൾ സഹിതം ഇതിനായുള്ള റീജിയണൽ ആതറൈസേഷൻ കമ്മിറ്റി മുമ്പാകെ ഹാജരാക്കി അച്ഛനോ അമ്മയോ അല്ല ഡോണറെങ്കിൽ ഈ നടപടിക്രമങ്ങൾ പാലിച്ചുവേണം അനുമതി നൽകേണ്ടത്. ഇവിടെ രോഗിയുടെ ഇളയമ്മയാണ് ഡോണർ എന്നറിയുന്നു. ഇത് തെളിയിക്കാനുള്ള രേഖകളും ഹാജരാക്കേണ്ടതുണ്ട്. എന്റെ നിർദ്ദേശ പ്രകാരം ഇന്ന് അടയിന്തിരമായി യോഗം ചേർന്നു കൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അവയവദാന നിയമമനുസരിച്ച് കർശനമായ പരിശോധനയ്ക്ക് ശേഷം മാത്രമേ അനുമതി നൽകാറുള്ളു. അതുകൊണ്ടുതന്നെയാണ് ഇതിനുവേണ്ടി ആതറൈസേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. ഈ കേസിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്താണ് കമ്മിറ്റി അടിയന്തരമായി വിളിച്ചു ചേർക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ ഗവൺമെന്റ് വളരെ ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്യുന്നതാണ്.

## പോലീസ് അതിക്രമത്തെത്തുടർന്നുള്ള സംഭവം

ശ്രീ. ജി. സുധാകരൻ : സർ, തോട്ടപ്പിള്ളിയിൽ താമസക്കാരനായ ഗോപി എന്ന തൊഴിലാളി ജൂലൈ 11 - ാം തീയതി 7.30 -നും 8.30 -നും ഇടയ്ക്ക് ബന്ധുവീട്ടിൽ ഒരു കല്യാണത്തിന് പോയി തിരികെ വരുന്നവഴി തകഴിപ്പാലത്തിന് പടിഞ്ഞാറ് വശത്തുള്ള ജലാശയത്തിൽ ചാടിയതിന്റെ ഫലമായി ഉള്ളിൽ വെള്ളം കയറി ആശുപത്രിയിൽവച്ച് മരണപ്പെട്ട സംഭവം ഉണ്ടായി. ഇത് ആലപ്പുഴയിലെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടു ണ്ട്. മരിച്ച ഗോപിയും ബാബു, തങ്കച്ചൻ എന്നീ മൂന്നുപേരും റോഡിന് സമീപത്തുള്ള ഒരു കടയിൽ ഇരിക്കുമ്പോൾ പോലീസ് എത്തുകയും അവരുടെ ഭാഗത്തേയ്ക്ക് വേഗത്തിൽ ചെല്ലുകയും ചെയ്തപ്പോൾ ഇവർ ഭയന്നു ഓടുകയാണ് ഉണ്ടായത്. പോലീസ് പുറകെ ചെന്നതിനാൽ അവർ എടുത്തു തോട്ടിൽ ചാടി. രണ്ടുപേർ കരയ്ക്ക് കയറി. മരിച്ച ഗോപി പുല്ലിൽ കുരുങ്ങി കിടന്നു. അദ്ദേഹത്തെ കരയ്ക്കു കയറ്റി തൊട്ടടുത്തുള്ള സ്വകാര്യ ആശുപത്രിയിലും അവിടെ നിന്ന് മെഡിക്കൽ കോളേജ് ആശുപ ത്രിയിലും എത്തിച്ചെങ്കിലും മരണപ്പെട്ടു. പോലീസ് പിടിക്കുമെന്ന ഭീതിമൂലമാണ് വെള്ളത്തിൽ ചാടി മരണമുണ്ടായത്. മരണ കാരണം പോലീസ് ഉണ്ടാക്കിയ ഭീതിയാണെന്ന് കാണുന്നു. ഇക്കാര്യത്തിൽ അന്വേ ഷണം നടത്തി കുറ്റക്കാരായ പോലീസുകാരുടെ പേരിൽ നടപടി എടുക്ക ണമെന്നും നിരാധാരരായ തൊഴിലാളി കുടുംബത്തിന് അഞ്ച് ലക്ഷം രൂപ യെങ്കിലും ധനസഹായം നൽകണമെന്നും അഭ്യർത്ഥിക്കുന്നു. രണ്ട്

വർഷം മുമ്പ് എന്റെ മണ്ഡലത്തിൽപ്പെട്ട നെടുമുടി പഞ്ചായത്തിലും ഇതു പോലെ ഒരു തൊഴിലാളിയെ പോലീസ് കുറേനേരം ഓടിച്ച് ചാടിച്ചതാണ്. ചെത്തു തൊഴിലാളികളും കർഷക തൊഴിലാളികളുമുള്ള ഉൾപ്രദേശങ്ങളിൽ അവർ ഇരിക്കുമ്പോൾ പോലീസ് അവിടേയ്ക്ക് ചെന്നാൽ ഭയപ്പെട്ട് അവർ ഓടുക ശീലമുള്ളതുകൊണ്ട് പോലീസ് ഇങ്ങനെ ഭയപ്പെടുത്തി ഓടിക്കുന്ന സാഹചര്യം ഇല്ലാതാക്കാനുള്ള നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഒരാൾ മരിക്കാൻ ഇടയായതിൽ ഞാൻ ദു:ഖം രേഖപ്പെടുത്തുകയാണ്. ഇങ്ങനെ ഒരു സംഭവം ഉണ്ടാകരുതായിരുന്നു. പക്ഷേ അങ്ങ് പറഞ്ഞതിനേക്കാൾ കുറച്ചുകൂടി വ്യത്യസ്തമാണ് യഥാർത്ഥ കാര്യങ്ങൾ. അങ്ങ് പറഞ്ഞതിനെ നിഷേധിക്കുകയല്ല. പോലീസ് പട്രോളിംഗ് നടത്തുന്ന സമയത്ത് രണ്ടുമൂന്ന് ആളുകൾ ഒരിടത്ത് സംശയാസ്പദമായി നിന്ന സ്ഥലത്ത് പോലീസ് വണ്ടി ചവിട്ടി നിറുത്തി. അവർ അവിടെനിന്നും ഓടി. ആരാണെന്ന് അറിയാതെ അവരുടെ പുറകെ പോലീസും ഓടി. അതിൽ രണ്ടുപേരെ കിട്ടി അവരെ വിളിച്ച് വണ്ടിക്ക് അകത്തേയ്ക്ക് കയറ്റി. മൂന്നാമതൊരാളുകൂടി ഉണ്ടെന്ന് രണ്ടുപേരുടെ മൊഴിയിൽ നിന്ന് മനസ്സിലായി. മൂന്നാമത്തെ ആളിനെ തെരഞ്ഞപ്പോൾ ആ ആൾ തൊട്ടപ്പുറത്തുള്ള ഒരു വയലിൽ മുട്ടറ്റം വെള്ളമുള്ള ഒരു സ്ഥലത്ത് പതുങ്ങിയിരിക്കുന്നതായിട്ടാണ് കണ്ടത്. ഇത് ആരാണെന്നുള്ളത് പോലീസിന് അറിയി

ല്ലല്ലോ; അതുകൊണ്ട് അവിടെ ചെന്ന് ആ ആളിനെക്കൂടി വിളിച്ച് കരയ്ക്ക് കയറ്റി പുറത്തുകൊണ്ടുവന്നപ്പോൾ നെഞ്ചിന് വേദനയെടുക്കുന്നു എന്നുപറഞ്ഞതിനാൽ അടുത്തുള്ള കടയിൽ നിന്ന് വെള്ളം വാങ്ങിക്കൊടുത്ത് രാത്രി 7.50 മണിയോടുകൂടി തകഴിയിലുള്ള ഹമീദ് ഡോക്ടറുടെ സ്വകാര്യ ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ പ്രാഥമിക ചികിൽസ നടത്തി. ഡോക്ടറുടെ നിർദ്ദേശ പ്രകാരം രാത്രി 8.15 ഓടുകൂടി ഗോപിയെ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചു. അവിടെ പരിശോധിച്ചതിൽ അദ്ദേഹത്തെ ഐ.സി.യു.വിൽ പ്രവേശിപ്പിക്കുകയും രാത്രി 9.20 മണിയോടുകൂടി മരണപ്പെടുകയും ചെയ്തു. ഇതുസംബന്ധിച്ച് മരണപ്പെട്ട ഗോപിയുടെ അളിയൻ ചന്ദ്രന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ നടപടിക്രമപ്രകാരം 174 അനുസരിച്ച് അമ്പലപ്പുഴ പോലീസ് സ്റ്റേഷനിൽ ക്രൈം 718/12 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തു. 12.7.2012 -ൽ എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിന്റെ ഇൻക്വസ്റ്റിനെത്തുടർന്ന് ആലപ്പുഴ മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടം നടത്തിയിട്ടുള്ളതാണ്. മരണകാരണം cardiac arrest ആണെന്നും മദ്യത്തിന്റെ അംശം ആമാശയത്തിലുണ്ടായിരുന്നതായും പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അന്വേഷണത്തിൽ ഗോപിക്ക് മുമ്പ് ഒരുപ്രാവശ്യം ഹാർട്ട് അറ്റാക് വന്നിട്ടുണ്ടെന്നും അറിയാൻ കഴിഞ്ഞു. ഇതാണ് യഥാർത്ഥ കാര്യം. എന്തായാലും അങ്ങ് ഇവിടെ പറഞ്ഞതനുസരിച്ച് ഞാൻ ഇതിനെക്കുറിച്ച് അന്വേഷിക്കാൻ ചുമതലപ്പെടുത്തും. ആ അന്വേഷണത്തിന്റെ

വിവരം അങ്ങയെക്കൂടി അറിയിക്കാം. അദ്ദേഹം കോമ്പൻസേഷനെക്കുറിച്ച് പറഞ്ഞത് എനിക്ക് നിയമസഭയിൽ പരസ്യമായിട്ട് പറയാൻ ചില പരിമിതികളുണ്ട്. അതുകൊണ്ട് അതും പരിഗണിക്കുന്നതാണ്.

(മേശപ്പുറത്തുവച്ച കടലാസുകൾ)

* * * * * * * * * * * * * * *